ഉത്തരം

പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ നിർവ്വാഹമില്ല.

കെ. എസ്. ആർ. ടി. സി. വാങ്ങിയ തുണി

90 [129] ശ്രീ. എം. കെ. കൃഷ്ണൻ:

,, ചടയൻ ഗോവിന്ദൻ:

,, പി. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977-ൽ കെ. എസ്. ആർ. ടി. സി. യിലെ തൊഴിലാളികൾക്കു വേണ്ടി മൊത്തം എത്ര മീറ്റർ തുണി വാങ്ങി. ഇതിൽ കാക്കിത്തുണിയെത്ര; നീലത്തുണിയെത്ര;

(ബി) ഇതിന് എന്തു തുക ചെലവായി;

(സി) 1977-ൽ തൊഴിലാളികൾക്ക് ഓരോ ഇനത്തിലും എത്ര മീറ്റർ തുണി വിതരണംചെയ്തു. ബാക്കി ഓരോ ഇനത്തിലും എത്രവീതം അവശേഷിച്ചു;

(ഡി) 1978-ൽ വാങ്ങിയതിൽ ഓരോയിനവും എത്രവീതം ബാക്കിയുണ്ട്; എത്ര വിതരണംചെയ്തു;

(ഇ) 1977-ൽ എന്തു തുകയ്ക്ക് തുണി വാങ്ങി?

ഉത്തരം

(എ) 1977-ൽ കെ. എസ്. ആർ. ടി. സി. യിലെ തൊഴിലാളികൾക്കു വേണ്ടി മൊത്തം 230578.5 മീറ്റർ തുണി വാങ്ങി. ഇതിൽ 170,570.5 മീറ്റർ കാക്കിത്തുണിയും, 60,008 മീറ്റർ നീലത്തുണിയുമായിരുന്നു.

(ബി) ഉദ്ദേശം 13.6 ലക്ഷം രൂപ.

(സി) 1977-ൽ 168,143.49 മീറ്റർ കാക്കിത്തുണിയും 56,649.86 മീറ്റർ നീലത്തുണിയും വിതരണംചെയ്തു. മുൻകൊല്ലത്തെ ബാക്കി ഉൾപ്പെടെ 3,377.14 മീറ്റർ കാക്കിത്തുണിയും 13,462.28 മീറ്റർ നീലത്തുണിയും അവശേഷിച്ചു.

(ഡി) 1978-ൽ വാങ്ങിയതിൽ ബാക്കി ഇരിപ്പില്ല. (ഉദ്ദേശം 183,000 മീറ്റർ കാക്കിത്തുണിയും 58,000 മീറ്റർ നീലത്തുണിയും തന്നാണ്ടിൽ വിതരണംചെയ്തു.

(ഇ) 1977-ൽ 13.6 ലക്ഷം രൂപയ്ക്ക് തുണി വാങ്ങി.

കെ. എസ്. ആർ. ടി. സി.-യിലെ വിജിലൻസ് അന്വേഷണം

91 [130] സർവ്വശ്രീ പി. വി. കുഞ്ഞിക്കണ്ണൻ:

എൻ. സുബ്രഹ്മണ്യഷേണായി:

സി. വാസുദേവമേനോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ 1970-നു ശേഷം എത്ര വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏറ്റവും ഒടുവിൽ അന്വേഷണം നടന്നുകഴിഞ്ഞത് എന്നാണ്; എന്തിനെപ്പറ്റി;

(സി) അന്വേഷണ റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കാമോ;

(ഡി) ഇപ്പോഴും വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ;

(ഇ) എങ്കിൽ എന്തിനെപ്പറ്റി ?

ഉത്തരം

(എ) 1970-നു ശേഷം നാലു വിജിലൻസ് അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്. രണ്ട് അന്വേഷണം ഇപ്പോൾ നടന്നുവരുന്നു.

(ബി) 1973-ൽ അന്വേഷണം തുടങ്ങിയത് വിഴിഞ്ഞം യൂണിറ്റിൽ ക്ലാർക്കായിരുന്ന ശ്രീ. പി. പി. ആലിഹസ്സൻ എന്ന ആളുടെ പേരിലുള്ള കേസ്സായിരുന്നു.

(സി) റിപ്പോർട്ട് കോർപ്പറേഷനിൽ കിട്ടിയിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) 1978, 1979 വർഷങ്ങളിൽ യൂണിഫോറം തുണി വാങ്ങിയതിനെപ്പറ്റിയും 1979–80 വർഷത്തിലേയ്ക്ക് പെയിൻറ് വാങ്ങിയതിനെപ്പറ്റിയുമാണ് ഇപ്പോൾ അന്വേഷണം നടന്നുകൊണ്ടിരിക്കുന്നത്.

ഇരിങ്ങാലക്കുടയിൽ ഗവൺമെൻറ് പ്രസ്സ് സ്ഥാപിക്കാൻ നടപടി

92 [131] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റിൽ ഇപ്പോൾ എത്ര ഗവൺമെൻറ് പ്രസ്സുകൾ ഉണ്ട്:

(ബി) എല്ലാ ജില്ലകളിലും ഓരോ പ്രസ്സു സ്ഥാപിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ തൃശ്ശൂർ ജില്ലയിലെ പ്രസ്സ് ഇരിങ്ങാലക്കുടയിൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആറ്.

(ബി) ഇല്ല.

(സി) ചോദ്യം (ബി) ക്ക് നൽകിയ ഉത്തരത്തിൻെറ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പൊൻകുന്നത്തുനിന്നും മൂന്നാറിലേയ്ക്ക് കുമിളി വഴി ബസ്സുകൾ ഓടുവാൻ കൽപ്പന നൽകാൻ നടപടി

93 [132] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യ്ക്കു ഈ സാമ്പത്തിക വർഷത്തിൽ എത്ര പുതിയ ബസ്സുകൾ വാങ്ങിക്കുവാൻ ഉദ്ദേശമുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly